കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

**2018-19**

ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.പി.2-1045/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in
തീയതി.30/08/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
അവിണിശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-7 ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-7 ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.പി.2-1045/19, തിയ്യതി: 30/08/2019

## തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07/10/2018 മുതൽ 31/03/2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ലത.എം.എൻ., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.7.2019 മുതൽ 12.7.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലിസി.ടി.ജെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | വിദ്യ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജോയ്സൻ.സി.ജെ | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സൂര്യ ഷോബി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | എം.കെ.സുരേഷ് | 01.04.2017 മുതൽ 20.06.2018 വരെ |
| | സൂര്യകുമാരി, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് | 21.6.18 |
| | ഗംഗാലക്ഷ്മി | 22.06.2018 മുതൽ 15.07.2018വരെ |
| | സൂര്യകുമാരി | 16.07.2018 മുതൽ 25.07.2018വരെ |
| | ഗംഗാലക്ഷ്മി | 26.07.2018 മുതൽ 4.12.2018 വരെ |

| | | |
|---|---|---|
| | സൂര്യകുമാരി | 05.12.2018 മുതൽ 18.12.2018 വരെ |
| | ഗംഗാലക്ഷ്മി | 19.12.2018 മുതൽ 31.03.2019 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | മിനി ജോർജ്ജ് | 01.04.2018 മുതൽ 31.10.2018 വരെ |
| | ഷീബ ജോർജ്ജ്.കെ | 01.11.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.സനൂപ്.എ.വി | 01.04.2018 മുതൽ 18.06.2018 വരെ |
| | ധന്യ.ടി.വി | 19.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. കെ.ആർ ബിജു | 01.04.2018 മുതൽ 6.03.2019 വരെ |
| | ഡോ.വിനീത.വി.ശശിധരൻ | 7.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അനിത സുകുമാരൻ | 01.04.2018 മുതൽ 19.07.2018 വരെ |
| | ഡോ.പ്രീതി.കെ.രാമകൃഷ്ണൻ | 20.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രിയാ ഭാസ്കർ | 01.03.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റോസിലി.ടി.എ | 01.04.2018 മുതൽ 30.08.2018 വരെ |
| | രതി.കെ | 31.08.2018 മുതൽ 22.03.2019 വരെ |
| | അംബിക | 23.03.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മാത്യൂ.എം.എ | 01.03.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (അവിണിശ്ശേരി) | സിന്ധു പി.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (പാലിശ്ശേരി) | ഷൈജ.എം.വി | 01.04.2018 മുതൽ 31.08.2018 വരെ |
| | മറിയാമ്മ ആന്റണി | 1.09.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സൂര്യകുമാരി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഷീല | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| ഭാഗം **2** | | |
| 13 | സ്ഥാപന തൊഴിൽ നികുതി മുഴുവൻ സ്ഥാപനങ്ങളും അടവാക്കുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | 2-1 |
| 14 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 16 | ജി.എസ്.ടി ഈടാക്കിയിട്ടില്ല | 2-4 |
| 17 | ഡി&ഒ ലൈസൻസില്ലാതെ ബാർ പ്രവർത്തിച്ചു വരുന്നു | 2-5 |
| 18 | ബൈലോ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കേണ്ടതാണ് | 2-6 |
| 19 | അനധികൃത കെട്ടിടനിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 2-7 |
| ഭാഗം **– 3** | | |
| 19 | എസ്.എസ്.എ. വിഹിതം നൽകൽ- വിനിയോഗവിവരം ഇല്ല | 3-1 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരമില്ല | 3-2 |
| 21 | സ്പോർട്സ് കിറ്റ് വിതരണം-അപാകതകൾ | 3-3 |
| 22 | മരുന്നുകൾ ലഭ്യമായിട്ടില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്-357200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 23 | കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- | 3-5 |
| 24 | കാലിത്തൊഴുത്ത് നവീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല | 3-6 |
| 25 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് അർഹമായ മുഴുവൻ തുകയും അനുവദിക്കേണ്ടതാണ്. | 3-7 |
| 26 | രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ -തെങ്ങിൻ തൈകൾ വിതരണം നടത്തിയിട്ടില്ല | 3-8 |
| 27 | സ്ട്രീറ്റ് ടാപ്പുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-9 |
| 28 | അങ്കണവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതാണ് | 3-10 |

| | | |
|---|---|---|
| 29 | പ്രവൃത്തി മൂല്യത്തിൽ നിന്ന് ടെൻഡർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല | 3-11 |
| 30 | ഖാദി തൊഴിൽ സംരംഭകേന്ദ്രം നിഷ്ക്രിയാവസ്ഥയിൽ | 3-12 |
| 31 | തൊഴിലുറപ്പ് പദ്ധതി- വാർഡ് 10 , പെരിഞ്ചേരി പ്രദേശത്ത് കോൺക്രീറ്റ് കട്ട നിർമ്മാണം | 3-13 |
| | ഭാഗം **4** | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 43 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1

## പൊതു അവലോകനം


## പൊതു അവലോകനം


### 1-1 ബജറ്റ്

ബജറ്റ് 24.3.18 തീയതിയിലെ 8(1)ാം തീരുമാനപ്രകാരവും റിവൈസ്ഡ് ബജറ്റ് 23.2.19 തീയതിയിലെ 1(1)ാം തീരുമാന പ്രകാരവും അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 110787324/- രൂപയും പ്രതീക്ഷിതചെലവ് 104943601/- രൂപയും ആണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.07.2019 | 14.5.19 |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി |
|---|---|
| 2018-19 | 5.7.19, 6.7.19 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4284538 |
| വരവ് | 58543947 |

| | |
|---|---|
| ആകെ | 62828485 |
| ചെലവ് | 54581709 |
| നീക്കിയിരിപ്പ് | 8246776 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11778000 | 11778000 | 11446538 | 331462 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3761000 | 3761000 | 2991600 | 769400 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8325000 | 8325000 | 8323799 | 1201 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3140000 | 3140000 | 3129606 | 10394 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7201493 | 7201493 | 5341692 | 1859801 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 10224345 | 10224345 | 10224345 | 0 |
| | അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 14192 | 498449 | 512641 | 494333 | 18308 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 12000 | 1545423 | 1557423 | 140000 | 1417423 |
| | ICDS | 330963 | 377600 | 708563 | 364414 | 344149 |
| | സാക്ഷരത | 26725 | 0 | 26725 | 0 | 26725 |
| | പൈക്ക | 320000 | 0 | 320000 | 0 | 320000 |
| | ടോട്ടൽ സാനിറ്റേഷൻ | 388 | 0 | 388 | 0 | 388 |
| | Grsnts funds contributions for specific purposes other than development and state | 15293 | 0 | 15293 | 0 | 15293 |
| | വിമുക്തി | 10489 | 25000 | 35489 | 25000 | 10489 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 768534 | 768534 | 674567 | 93967 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 0 | 1642906 | 1642906 | 1179337 | 463569 |
| ബി ഫണ്ട് | | | 38603400 | 38603400 | 38603400 | |
| | കോ-ഓപ്പറേറ്റീവ് ബാങ്ക് | 3661131 | 11441967 | 15103098 | 9866237 | 5236861 |
| | SBI-കറന്റ് | | | | | |
| ട്രഷറി അക്കൗണ്ട് | ട്രഷറി STSB | 165171 | 11049589 | 11214760 | 9761655 | 1453105 |
| മറ്റിനം | | | | | | |
| | e-payment | 132559 | 970508 | 1103067 | 847515 | 255552 |
| | ആശ്വാസ് | 0 | 166792 | 166792 | 67000 | 99792 |
| | VPFA1-2 | 922 | 0 | 922 | 0 | 922 |
| | സാക്ഷരത-SBT | 4705 | 84 | 4789 | 0 | 4789 |
| | SBT PLAN | 566529 | 399232 | 965761 | 364414 | 601347 |
| | SBT-OAP | 15293 | 271 | 15564 | 0 | 15564 |

വിമുക്തിയ്ക്ക് 2018-19 വർഷം 25000 രൂപ ചെലവ് വന്നിട്ടുണ്ട്. ആയത് വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 59281029 | 149 | 38209069 | 59 | 9 | 68.66 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14192 | 498449 | 512641 | 494333 | 18308 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 10224345 | 10224345 | 10224345 | |
| | 14192 | 10722794 | 10736986 | 10718678 | 18308 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72600 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 3433100 | 263 |

| | | |
|---|---|---|
| വിധവാപെൻഷൻ | 10601200 | 858 |
| വാർദ്ധക്യകാലപെൻഷൻ | 19170100 | 1535 |
| വികലാംഗപെൻഷൻ | 2809500 | 223 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1986300 | 157 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 510000 | 17 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05/07/2019ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 2.30pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 17,707/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1) പ്രതീക്ഷിത വരവുചെലവുകണക്കുകളും യഥാർത്ഥ വരവുചെലവുകണക്കുകളും തമ്മിൽ വളരെ അന്തരം കാണുന്നു.
2) ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ലഭിക്കുന്ന വരവുകൾ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
3) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള ആസ്തികളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല.
4) വിവിധ ഡെപ്പോസിറ്റുകൾ തിരികെ കൊടുക്കാതെ സ്ഥാപനത്തിന്റെ ബാധ്യതയായി നിൽക്കുന്നു. മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല.
5) സ്റ്റോക്ക് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ ആസ്തിയായ വസ്തുക്കളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണസംവിധാനം കുറ്റമറ്റതാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.5.19 | 2/2019-3/2019 | 20.3.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.9.17 മുതൽ 28.9.17 വരെ | 2012-13 മുതൽ 2016-17 വരെ | 17.11.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62 2(എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**<u>2.1</u>**<u>തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2193575 | 1999520 | 196881 | 1091 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2193575 | 2006318 | 197287 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1856774 | 1783493 | 77271 | 7326 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1856774 | 1774112 | 76848 | 7325 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(7692/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**<u>2.2</u>**<u>കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 58354 | 62552 | 557 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | ഇല്ല | 52723 | ഇല്ല |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 83200 | 47137 | 36798 |
| വാർഷിക കണക്കിലെ വിവിധ | 31905 | 43574 | 33447 |
| | (2017-18 ലെ | (റസീറ്റ് & പേയ്മെന്റ് | (35120/105X100) =33447 |

| | | | |
|---|---|---|---|
| പത്രികകൾ പ്രകാരം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(7325+26175=<br>33500/105x100)=31905 | പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.3** <u>ലൈബ്രറി സെസ്സ്</u>
**<u>(</u>**<u>തൻവർഷം + കുടിശ്ശിക</u>**<u>)</u>**.

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 112280 | 3198 | 115478 | 101315 | 3148 | 104463 | 10586 | - | 56 | 38 | 0 |
| | നോൺ-റെസിഡൻഷ്യൽ | 93479 | 4190 | 97669 | 89550 | 2379 | 91929 | 3999 | | 367 | 1887 | 2042 |
| | ആകെ | | | 213147 | | | 196392 | 14585 | | | | 2042 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1675+തൻ വർഷം ഡിമാന്റ് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | | | | | 196145 | ഇല്ല | | | | 2042 |
| | | 1675+<br>കണക്കിൽ ഉൾപ്പെട്ടുത്തിയിട്ടില്ല =1675 (2017-18ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 –State govt . Cess/levies...… ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State govt . Cess/ levies...... ലെഡ്ജർ 2018-19) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

**2.4** <u>വസ്തുനികുതിയിൻമേലുള്ള സേവന ഉപനികുതി (തൻവർഷം) (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ)</u>

2.4.1

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 205704 | 190864 | 14585 | 423 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 205704 | 191547 | | 367 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>വസ്തുനികുതിയിൻമേലുള്ള സേവന ഉപനികുതി (കുടിശ്ശിക ) (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ)</u>

2.4.2

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10268 | 5532 | 2042 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1678 | 4634 | 2042 |
| | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.5."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ,സേവന ഉപനികുതിയുടെയും,ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 ,2.4.എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.6.1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 169 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/2018ൽ ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 ജി.ഒ (എം.എസ്)നം.152/2011/lsgd/26.7.11 പ്രകാരം വസ്തുനികുതി ഡിമാന്റിൽ വസ്തു നികുതിയോടൊപ്പം ലൈബ്രററി സെസ്സ് തുക ലൈബ്രറി കൗൺസിലിനുവേണ്ടി സ്വീകരിക്കുമ്പോൾ വസ്തു നികുതിയോടൊപ്പം സ്വീകരിക്കുകയും state gov.levis in taxes control account ൽ നിക്ഷേപിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt

cesses/levies in Property tax control account" എന്ന ലെഡ്ജർ പരിശോധിച്ചതിൽ 1/4/18ൽ ഡിമാന്റ് രേഖപ്പെടുത്തികാണുന്നില്ല. കളക്ഷൻ വന്നിട്ടുണ്ട്. രണ്ട് ജേണൽ എൻട്രികൾ മുഖേന കുടിശ്ശിക കാണിച്ചിരിക്കുന്നു. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 196145 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 196392 രൂപയുമാണ്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

3.കേരളപഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി പ്രതീക്ഷിതമാകുന്നത് രണ്ട് അർദ്ധവർഷങ്ങളിലായിട്ടാണ്.തൊഴിൽ നികുതി അക്രൂവൽ രേഖപ്പെടുത്തുന്ന profession tax -institutons/professionals/traders (110200101) എന്ന ശീർഷകത്തിന്റെ ലഡ്ജർ പരിശോധിച്ചതിൽ 1/4/18 ൽ ഒറ്റ എൻട്രിയായി അക്രൂവൽ രേഖപ്പെടുത്തിക്കാണുന്നു. കളക്ഷന് അനുസൃതമായി ഡിമാന്റ് രേഖപ്പെടുത്തുന്നത് എന്ന് കാണാവുന്നതാണ്.

4.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി&ഒ (ഡിമാന്റ്) രജിസ്റ്റർ

4.4വാടക ഡിമാന്റ് രജിസ്റ്റർ

4.5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

4.7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (58354) |
| 280100104-Prior period income-Property tax on non residential buildings | (51375) |
| 280100102-Prior period income- professon tax-institution /professonals/traders | (1950) |
| 280100105-Prior period income-servce cess on Residental Buildings | (5892) |
| 280100106-Prior period income-servce cess onNon Residental Buildings | (2698) |
| 280200402-Prior period income-Recoveryof unutilsed Grants | 111679 |

6.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -9 പ്രകാരം "350300109-Government and other dues payable -Refund of Unutilized grants of prior period" എന്ന ശീർഷകത്തിൽ 31/3/2019 ൽ 89695/- രൂപ നീക്കിയിരിപ്പ് ഉണ്ട്.വിനിയോഗിക്കാത്ത ഗ്രാന്റ് സ.ഉ.177/06 ധനം തീ 12.4.2006 ഖണ്ഡിക 10.3 പ്രകാരം അതാത് ശീർഷകത്തിൽ സഞ്ചിത നിധിയിലേക്ക് അടക്കേണ്ടതാണ്.

7.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57)പ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീ കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

9.ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ മുന്നിരിപ്പ്,വരവ്,ചെലവ്, നീക്കിയിരിപ്പ് എന്നിവ വിവിധ പത്രികകൾ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിവിധ പത്രികകൾ | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബാങ്ക് ബുക്ക് (ഹെഡ്-311100101) | ഇല്ല | 166792 | 166792 | 67000 | 99792 |
| ബാങ്ക് പാസ്സ് ബുക്ക് (അക്കൗണ്ട് നമ്പർ-കേരള ഗ്രാമീൺ ബാങ്ക്-406841011027554) | | 166792 | 166792 | 67000 | 99792 |
| എ.സി.ആർ | ഇല്ല | 289292 | 289292 | 67000 | 222292 |

ഈ അക്കൗണ്ടിന്റെ ബാങ്ക് റീ കൺസിലിയേഷൻ പത്രിക ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

10.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 ലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3962238 രൂപയാണ് എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash used up by operating + investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 280605 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

11.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ .സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

12.പ്രോജക്ട് നമ്പർ 27/19 പോസ്റ്റ് ഷിഫ്റ്റിങ്ങ് എന്ന പദ്ധതിയ്ക്ക് 221655/- രൂപ മുൻകൂർതുക കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്(സൂലേഖ ചെലവ് പത്രിക പ്രകാരം).എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരവും, ആയതിന്റെ ലഡ്ജർ അക്കൗണ്ട് പ്രകാരവും (460500202-Advance to Implementing Agencies-Deposit with kerala Electricity Board) ഈ പദ്ധതിയ്ക്ക് മുൻകൂർ നൽകിയതായി ഉൾപ്പെടുത്തിയിരിക്കുന്നത് (81279+39286)120565/-രൂപയാണ്.കൂടാതെ ലഡ്ജർ പ്രകാരം liabilty in respect of stale cheques ആയി (മുൻവർഷത്തെ correction entry ) 192760,59045,300000,298300 എന്നീ തുകകൾ കൂടി കെ.എസ്.ഇ.ബിയ്ക്ക് മുൻകൂർ നൽകിയതായി കാണിച്ചിരിക്കുന്നു. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.അഡ്വാൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ മുൻകൂർ നൽകിയ തുക കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

13)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 Other Grants,Funds &Contribution for Specific Purposes-Capital (320800199)എന്ന ശീർഷകത്തിൽ വിമുക്തി ഫണ്ട് 35489 /-{10489 (OB)+25000 (current year receipt)}രൂപ ചെലവഴിക്കാൻ ശേഷിക്കുന്നുണ്ട്.ആയതിന്റെ ലഡ്ജർ പരിശോധിച്ചതിൽ തൻവർഷം ചെലവുകൾ ഒന്നും രേഖപ്പെടുത്തി കാണുന്നില്ല.എന്നാൽ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ ചെക്ക് നമ്പർ 2469694/7.2.19 പ്രകാരം 25000/-രൂപ വിമുക്തി -ക്വിസ് മത്സരം അനുബന്ധ ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്.എ.സി .ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.Donaton to Flood എന്ന ശീർഷകത്തിലും 44131/-സി.എം.ഡി.ആർ.എഫ് ഫണ്ടിലേക്ക് അടവാക്കാൻ ശേഷിക്കുന്നു.എ.സി .ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ മേൽ ശീർഷകങ്ങളിൽ നീക്കിയിരിപ്പുള്ള തുക കളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥാപന തൊഴിൽ നികുതി മുഴുവൻ സ്ഥാപനങ്ങളും അടവാക്കുന്നില്ല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 480 സ്ഥാപനങ്ങൾ (467 ഡി&ഒ ലൈസൻസുള്ള സ്ഥാപനങ്ങൾ+13 ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങൾ) ഗ്രാമപഞ്ചായത്തിൽ ഉള്ളതായി കാണുന്നു. എന്നാൽ 401 സ്ഥാപനങ്ങൾ മാത്രമാണ് സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നത്. 79 സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/11.07.2019) നൽകി, തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ മിനിമം വരുമാന പരിധിയിൽ കുറഞ്ഞ കച്ചവടം വളരെ കുറഞ്ഞ സ്ഥാപനങ്ങളാണെന്നും, കച്ചവടം നടക്കുന്നില്ലായെന്നും, ലൈസൻസ് നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ടി മാത്രമാണ് ലൈസൻസ് എടുക്കുന്നതെന്നുമാണ് മറുപടി നൽകിയത്.

ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ഡി&ഒ ലൈസൻസ് ഫീ കണക്കാക്കുന്നത്. അങ്ങനെ ഡി&ഒ ഫീ കണക്കാക്കി

ഈടാക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

1.ഡി&ഒ അപേക്ഷാപ്രകാരം ഒട്ടുമിക്ക സ്ഥാപനങ്ങളിലും 5 മുതൽ 10 വരെ ജീവനക്കാർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ സ്ഥാപനങ്ങളെ യൊന്നും തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.ചില ഉദാ: താഴെ ചേർക്കുന്നു.

ഹോട്ടൽ സൽക്കാര 10 ജീവനക്കാർ

നന്ദനം സാനിറ്ററീസ് 5 ജീവനക്കാർ

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/11.07.2019) ലഭിച്ച മറുപടി തൃപ്തികരമല്ല.ആയതിനാൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെടേണ്ടതും, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

2.ലൈസൻസ് നം.27/18-19 പ്രകാരം സെന്റ് ജ്വല്ലറി വർക്ക്സ്,ചെറുവത്തേരി,ചൊവ്വൂർ എന്ന സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിന് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.ഡി&ഒ ലൈസൻസ് അപേക്ഷാപ്രകാരം സ്ഥാപനത്തിൽ 114 ജീവനക്കാർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തൊഴിൽ നികുതി രജിസ്റ്റ ർ പ്രകാരം 30 ജീവനക്കാർ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കുന്നത് .ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/11.07.2019) നൽകി,ശരിയായ ജീവനക്കാർ 30 പേർ മാത്രമാണെന്നും, ബാക്കിയുള്ളവർ പീസ് വർക്ക് രീതിയിലാണ് പണി ചെയ്തു വരുന്നതെന്നും,തുടർച്ചയായി 60 ദിവസം ജോലി ചെയ്യുന്ന 30 പേർ മാത്രമാണുള്ളതെന്നുമാണ് മറുപടി നൽകിയത്.

60 ദിവസം തുടർച്ചയായോ/പലപ്പോഴായോ ഗ്രാമപഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത് വരുന്നവർ ചട്ടപ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്.സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടില്ല. ആയതിനാൽ അടുത്ത സാമ്പത്തിക വർഷങ്ങളിൽ ഈ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വർക്കുകൾ ഏറ്റെടുത്ത് നടത്തി വരുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/11.07.2019) നൽകിയതിന്, കരാറുകാരുടെ പേര് വിവരം എ.ഇയിൽ നിന്ന് ശേഖരിച്ച് എല്ലാവർക്കും രജിസ്റ്റേർഡ് ലെറ്റർ അയച്ചിരുന്നെന്നും, എല്ലാവരും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കുന്നുവെന്നാണ് മറുപടി നൽകിയത്.

മറ്റ് ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കുന്നുണ്ടെങ്കിൽ ആയത് അടവാക്കിയ രശീതിയുടെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

## 2-4 ജി.എസ്.ടി ഈടാക്കിയിട്ടില്ല

1.2018-19 സാമ്പത്തിക വർഷത്തിൽ ഓഡിറ്റോറിയം വാടകയ്ക്ക് നൽകിയപ്പോൾ ജി.എസ്.ടി ഈടാക്കിയില്ല.

2.2018-19 സാമ്പത്തിക വർഷത്തിൽ 9100/- രൂപയുടെ ലേലം നടന്നതായി കാണുന്നു. sale of scrapes എന്ന ഇനത്തിലാണ് ലേലം നടന്നിട്ടുള്ളത്. എന്നാൽ ചട്ടപ്രകാരമുള്ള ജി.എസ്.ടി ഈടാക്കിയതായി കാണുന്നില്ല.
ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസില്ലാതെ ബാർ പ്രവർത്തിച്ച് വരുന്നു

ഹോട്ടൽ സൽക്കാര റസിഡൻസിയ്ക്ക് ലൈസൻസ് നം.290/18-19 പ്രകാരം ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് ഹോട്ടൽ നടത്തുന്നതിനാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഹോട്ടൽ നടത്തുന്നതിന് വേണ്ട അനുബന്ധ രേഖകൾ മാത്രമാണ് ഡി&ഒ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനം ഹോട്ടലിനോടൊപ്പം ബാർ നടത്തി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/11.07.2019) നൽകി, 2018-19 സാമ്പത്തിക വർഷത്തിൽ ബാർ നടത്തുന്നതിനുള്ള ലൈസൻസ് എടുത്തിട്ടില്ലായെന്നാണ് മറുപടി നൽകിയത്. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിച്ച് വരുന്ന സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. (1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 255-ാം വകുപ്പ് പ്രകാരം)

## 2-6 ബൈലോ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറി(xiv/200)യുടെ 07/18 മുതൽ 3/19 വരെയുള്ള മാസങ്ങളിലെ വാടക 19/03/2019 -ാം തിയ്യതിലാണ് അടവാക്കിയിട്ടുള്ളത്. മുറിയുടെ വാടക 8085/-രൂപയാണ്. ബൈലോപ്രകാരം വാടകയുടെ 18% മാണ് പിഴപ്പലിശ. പിഴപ്പലിശ ഇനത്തിൽ 1456/-(8085x18/100) രൂപയാണ് ഈടാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഇങ്ങനെയല്ല പിഴപ്പലിശ കണക്കാക്കേണ്ടിയിരുന്നത്. ഓരോമാസത്തെയും പിഴപ്പലിശ ഒന്നൊന്നായി കണക്കാക്കേണ്ടിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (14/11.07.2019) നൽകി, തെറ്റായി പിഴപ്പലിശ ഈടാക്കിയതാണെന്നും കുറവു വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. ആയതിനാൽ 07/18 മുതൽ 3/19 വരെയുള്ള മാസങ്ങളിലെ, വാടക അടവാക്കിയ തിയ്യതി വരെയുള്ള, പിഴപ്പലിശ കൃത്യമായി കണക്കാക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 അനധികൃത കെട്ടിടനിർമ്മാണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അനധികൃത കെട്ടിടനിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിക്കേണ്ടതായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

| ക്രമ നം. | വ്യക്തിയുടെ പേര് | ചട്ടലംഘനം |
|---|---|---|
| 1 | ലാലി സുധീഷ് ആറേക്കാട്ടിൽ, പാലക്കൽ | കെ.എം.ബി.ആർ പാലിക്കുന്നില്ല |
| 2 | സരിത, പാമ്പുംകാട്ടിൽ, ചെറുവത്തേരി | നിലം നികത്തു ഭൂമി |
| 3 | തട്ടിൽ ഇയ്യു അന്തോണി മകൻ ജനോയ് | റൂൾ 28(1) പാലിക്കുന്നില്ല |
| 4 | ശിവരാജ്, പുളിക്കൽ | കെ.എം.ബി.ആർ പാലിക്കുന്നില്ല |
| 5 | നാരായണൻ, കൊളക്കാട്ടിൽ | കെ.എം.ബി.ആർ പാലിക്കുന്നില്ല |

കേരളാ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 235എ.എ.പ്രകാരം (31 ഭേദഗതി ) കെട്ടിടം നിർമ്മിച്ചാൽ ആയത് ഉപയോഗപ്പെടുത്തുന്ന തീയതി മുതൽ/ആ കെട്ടിടം നിർമ്മിച്ച തീയതി മുതൽ /ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ ഈടാക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടു മടങ്ങു കൂടി ചേർന്നുള്ള തുക നൽകുവാൻ കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കുന്നതാണ് (പ്രാബല്യ തീയതി 7.10.09). മേൽ വകുപ്പു പ്രകാരം വസ്തു നികുതി കണക്കാക്കി ഡിമാന്റ് നോട്ടീസ് അയയ്ക്കേണ്ടതാണ്. കൂടാതെ വസ്തുനികുതി ചുമത്തുന്നതു മൂലം നിയമാനുസൃതമല്ലാത്ത കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ നികുതി നൽകുവാൻ ഉടമയ്ക്ക് ബാധ്യതയുണ്ടെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് സ.ഉ. (അ) നമ്പർ 20/11ത.സ്വ.ഭ.വ. തീയതി 14.1.11 ഖണ്ഡിക 20(3) അനുശാസിക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് U.A നമ്പർ നൽകാവുന്നതും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എ.എ പ്രകാരം നികുതി ഈടാക്കാവുന്നതുമാണ്. അനധികൃത കെട്ടിടഉടമകൾക്കെതിരെ നിയമങ്ങൾ അനുശാസിക്കുംപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എസ്.എ വിഹിതം നൽകൽ- വിനിയോഗവിവരം ഇല്ല

ചേർപ്പ് ബ്ലോക്ക് എസ്.എസ്.എ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 7.6.2018 തിയതിയിലെ LSG Share Proposal പ്രകാരം 2018-19 വർഷത്തെ അവിണിശ്ശേരി പഞ്ചായത്തിലെ എസ്.എസ്.എ. പദ്ധതികളുടെ ഫൈനാൻഷ്യൽ ടാർജറ്റ് 2078400/- രൂപയാണ്. ആയതിൽ പഞ്ചായത്ത് ഷെയർ 40%, 8,31,360/- രൂപയാണ്. 2018-19 വർഷം എസ്.എസ്.എ പദ്ധതിക്കായി ആകെ 6,50,000/- അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

(a)General-പ്രൊജക്റ്റ് നം.S0002/19, ട്രഷറി ബിൽ നം.11/26.6.2018, 150000/-

(b)SCP-പ്രൊജക്റ്റ് നം.S0001/19, ട്രഷറി ബിൽ നം. 13/26.6.2018,500000/-

തുകയുടെ വിനിയോഗ വിവരമില്ല, ആയതു ലഭ്യമാക്കുന്നതു വരെ 6,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (എൻക്വയറി 16/12.7.19)

## 3-2 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരമില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ അപാകതകൾ താഴെ പറയുന്നു

(i)പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ,S0030/19

അടങ്കൽ-വികസനഫണ്ട്(ജനറൽ)-140000

തനത്ഫണ്ട്-201500 ,     ആകെ = 341500/-

ചെലവ്- ട്രഷറി ബിൽ നം-51/11.3.2019- 140000/-

തനത് ഫണ്ട്-ചെക്ക് നം 2469299/31.1.2019- 200000/-, ആകെ = 340000/-

തുക, പി.ഡബ്ലിയു.ഡി ഇലക്ട്രോണിക്സ് ഡിവിഷൻ, തൃശ്ശൂരിലേക്ക് കൈമാറിയിരിക്കുകയാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയറും പഞ്ചായത്ത് സെക്രട്ടറിയും കരാറിൽ ഒപ്പുവച്ചിട്ടുണ്ടെങ്കിലും കരാറിന് നമ്പർ, തിയതി എന്നിവ ഇല്ല, പ്രവൃത്തി എന്ന് തീരുമെന്നും കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. തുകയുടെ കൈപ്പറ്റ് രശീതി,വിനിയോഗവിവരം എന്നിവ ഇല്ല. 340000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**(ii)**സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ **, S0033/19**

അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ്-3,00,000

ജില്ലാപഞ്ചായത്ത് വിഹിതം-10,00,000, ആകെ-13,00,000
ചെലവ്-ജില്ലാ പഞ്ചായത്ത് വിഹിതം, ചെക്ക് നം .8098656/28.3.2019 ,₹2,00,000/-

KSEB Executive Engineer, Electrical Division തൃശ്ശൂർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 5,26,374/- രൂപയാണ്. 2018-19 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതം 2,00,000/- രൂപ മാത്രമാൺകെ.എസ്.ഇ.ബി ക്ക് കൈമാറിയിട്ടുള്ളത്. 2019-2020 വർഷത്തേക്ക് ഈ പ്രൊജക്റ്റ് സ്പിൽ ഓവറാക്കിയിട്ടുണ്ട്. തുക കൈമാറുന്നതിന് മുൻപായി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബി യുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. (200 രൂപയുടെ മുദ്രപത്രം ഫയലിലുണ്ട്).
പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.11/2018/തിയതി 29.1.2018, ഖണ്ഡിക11.2.(ഡി)(ii) പ്രകാരം തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. ആയതിനാൽ എത്രയും വേഗം കെ.എസ്.ഇ.ബിയുമായി നിയമാനുസൃതമായ കരാറിലേർപ്പെടേണ്ടതാണ്. 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**(iii)**അവിണിശ്ശേരി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെയും റോഡിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള തുക അടവാക്കൽ , S0027/19

അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ്-3,00,000

ചെലവ്-

| ട്രഷറി ബിൽ നം, തിയതി | തുക | തുക അടവാക്കിയത് | റിമാർക്സ് |
|---|---|---|---|
| 25/15.10.18 | 81279 | KSEB ഒല്ലൂർ | 2019-20 ൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചു |
| 38/28.11.18 | 39286 | | |
| 41/21.12.18 | 70013 | KSEB, ചേർപ്പ് | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.(രശീതി,കരാർ ഉണ്ട്) |
| 49/7.1.19 | 7087 | | |
| 42/21.12.18 | 23990 | KSEB, കൂർക്കഞ്ചേരി | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല (രശീതി,കരാറ് ഉണ്ട്) |
| ആകെ | 221655 | | |

കെ.എസ്.ഇ.ബി. ചേർപ്പ്, കൂർക്കഞ്ചേരി സെക്ഷനുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 101090/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 സ്പോർട്സ് കിറ്റ് വിതരണം-അപാകതകൾ

കലാകായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം രണ്ട് പ്രൊജക്റ്റുകൾ നടത്തിയിട്ടുണ്ട്.

1)സ്പോർട്സ് കിറ്റ് വിതരണം Spill Over,208/19

അടങ്കൽ-വികസന ഫണ്ട്-30,000

ചെലവ്-ട്രഷറി ബിൽ നം 7/24.5.2018, 27971/-

2)രജിസ്റ്റേർഡ് യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് , 15/19

അടങ്കൽ-തനത് ഫണ്ട്-50,000/-

ചെലവ്-ചെക്ക് നം.1860210/27.3.2019 ---49963/-

അപാകതകൾ:-

a) ആദ്യപ്രൊജക്റ്റിൽ (സ്പിൽ ഓവർ) പതിമൂന്ന് എണ്ണം വീതം ക്രിക്കറ്റ് ബാറ്റ്, ബോൾ, ഗ്ലൗസ്, ഫുട്ബോൾ എന്നിവ വാങ്ങിയിട്ടുണ്ട്.

(കോസ്മോസ് സ്പോർട്സ് വേൾഡിന്റെ ഇൻവോയ്സ് നം CTHR-142-2017/28.3.2018)
ഇവ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല. 11 സ്ഥാപനങ്ങൾക്ക സ്പോർസ് കിറ്റ് വിതരണം ചെയ്തിട്ടുള്ളതിന്റെ രേഖകൾ (ക്ലബ്ബുകളുടെ കൈപ്പറ്റ് രശീതികൾ) മാത്രമാണ് ഫയലിൽ ഉള്ളത്. സ്പോർട്സ് കിറ്റിൽ ഏതെല്ലാം ഇനങ്ങളുണ്ടെന്ന് വ്യക്തമായി പറഞ്ഞിട്ടില്ല. ഓരോ ഇനങ്ങളും സ്റ്റോക്കിലെടുത്ത് വിതരണവിവരം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

b) രണ്ടാമത്തെ പ്രോജക്റ്റിൽ കോസ്മോസ് സ്പോർട്സ് വേൾഡിന്റെ ഇൻവോയ്സ് നം. CTHR-192-2018/ 26.3.19 പ്രകാരം 49963/- രൂപക്ക് ടെന്നീസ്, ക്രിക്കറ്റ്, ഫുട്ബോൾ, കാരംസ് എന്നീ സ്പോർട്സ് ഇനങ്ങളുടെ ഉപകരണങ്ങൾ വാങ്ങി 14 ക്ലബ്ബുകൾക്കായി വിതരണം ചെയ്തു. ആയതിൽ 11 എണ്ണത്തിനും 208/19 പ്രോജക്ട് പ്രകാരം സ്പോർട്സ് കിറ്റ് നൽകിയിരുന്നു.

c)പദ്ധതി മാർഗ്ഗരേഖയിൽ രജിസ്റ്റേർഡ് യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 1/10.7.2019ന് മറുപടിയായി രജിസിറ്റേർഡ് ക്ലബ്ബുകൾക്കാണ് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തതെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും സ്പോർട്സ് കിറ്റ് അനുവദിച്ച ഗ്രാമസേവാസംഘം, നവോദയആർട്സ്& സ്പോർട്സ് ക്ലബ്, പെരിഞ്ചേരി, ന്യൂ സംഗമം ആർട്സ് സ്പോർട്സ് ക്ലബ്, എന്നീ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളില്ല. മേൽപറഞ്ഞവയും, ഗ്രാമീണവായനാശാല അവിണിശ്ശേരി, അഗ്രികൾച്ചറൽ ആന്റ് അക്വാ പെററ്സ് ബ്രീഡേഴ്സ് ട്രേഡേഴ്സ് അസ്സോസിയേഷൻ എന്നിയും യുവജനക്ലബുകൾ എന്ന വിഭാഗത്തിൽ രജിസ്റ്റേർഡ് ലഭിച്ചവയാണെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതുവരെ 27971+49963=77934/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മരുന്നുകൾ ലഭ്യമായിട്ടില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്-357200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.
**1)**ആയുഷ് എൻ എച്ച് എം ഹോമിയോ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ

പ്രോജക്ട്നമ്പർ-soo43/19

ബിൽ നമ്പർ – 1/28.9.18-300000/-

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ഹോമിയോ

മേൽ പ്രോജക്ട് പ്രകാരം 300000 രൂപ കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിനു നല്കിയതിൽ 126200 രൂപയുടെ മരുന്നു മാത്രമേ ലഭിച്ചിട്ടുള്ളു. കൂടാതെ ഇൻവോയ്സ് നമ്പർ LF 1776/25.3.19 പ്രകാരം 126200 രൂപയുടെ മരുന്നു ലഭിച്ചതിൽ 8400 രൂപയുടെ ആർണ്ണിക്ക ഓയിൽ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതു വരെ 182200 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2)**പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പര്- SOO29/19

ട്രഷറി ബിൽനമ്പർ -1/19/9/18-132100

തനതു ഫണ്ട്-

125000-ചെക്ക് നമ്പർ-8098642/21.2.19

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ.പി.എച്ച്.സി

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം 175000 രൂപ കെ.എം.എസ്.സ്.എല്ലിനു നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതു വരെ 175000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-5 കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-

പ്രോജക്ട് നമ്പർ- SOO64/19

ട്രഷറി ബിൽനമ്പർ-എ)10/24.12.18-68750

ബി)16/3.2.19- 31250

തനതുഫണ്ട്-87500(ചെക്ക് നമ്പർ-2469697/14.2.19)

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

കന്നുകുട്ടി പരിപാലനപദ്ധതി നടത്തിപ്പിനായി 30 ഗുണഭോക്താക്കളുടെ വിഹിതമായി 187500/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. 2/19ൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 187500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 കാലിത്തൊഴുത്ത് നവീകരണം-രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ- SOO61/19

ട്രഷറി ബിൽനമ്പർ-8/10/12/18-25000

20/28.2.19-25000

24/22.3.19-50000
നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജ്ജൻ

മേൽപ്രോജക്ട് പ്രകാരം ലില്ലി പോൾസൺ, കൊക്കാലി വീട്, ശാന്തകുമാരി, അന്തോണി വല്ലപ്പാറ, ഗിരിജ സുന്ദരൻ ചെറുവത്തേരി എന്നിവർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. സ.ഉ(കൈ) നമ്പർ22/18 ത.സ്വ.ഭ.വ. തീ.14.2.18 പ്രകാരം കഴിഞ്ഞ രണ്ടു വർഷമായി കന്നുകാലികളെ വളർത്തുന്നവർക്കാണ് മേൽ ആനുകൂല്യം നൽകേണ്ടത്. ആയത് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് അർഹമായ മുഴുവൻ തുകയും അനുവദിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം-SOO45/19
നിർവ്വഹണം-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

| ഫണ്ടിനം | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ/ തിയതി/തുക |
|---|---|---|---|
| വികസനഫണ്ട് | 400000 | 400000 | 6/07.01.19-352800<br>9/06.02.19-47200 |
| ബ്ലോക്ക് വിഹിതം | 112500 | 112490 | 8098644/22.3.19-35900<br>8098651/26.3.19-76590 |
| ജില്ലാപഞ്ചായത്ത് വിഹിതം | 100000 | 100000 | 8098652/26.3.19-100000 |
| ആകെ | 612500 | 612490 | |

പദ്ധതി മാർഗ്ഗരേഖപ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്റ്റിൽ മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പരമാവധി 28,500/- രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്. വകയിരുത്തിയ തുക ചെലവഴിച്ചുവെങ്കിലും താഴെ പറയുന്ന കുട്ടികൾക്ക് അർഹതപ്പെട്ട തുക ലഭിച്ചിട്ടില്ലെന്ന് കാണുന്നു, വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| പേര് | ക്ലാസ്സ് | MR% | അനുവദിച്ച തുക |
|---|---|---|---|
| റിസ റാഫേൽ | X | MR 40% | 27456 |
| നിയ | Plus 2 | MR 40% | 27456 |

| | | | |
|---|---|---|---|
| തോമസ് | | | |
| ആൽബിൻ എം.പി | IX | MR 45% | 23456 |
| ഋഉപർണ്ണ | അംഗൻവാടി | Ceribral palsi 75% | 13250 |

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പരമാവധി തുക അനുവദിക്കാവുന്ന തരത്തിൽ ഈ പദ്ധതിക്ക് തുക വകയിരുത്തേണ്ടതും ആവശ്യമെങ്കിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ കൂടുതൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-8 രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ -തെങ്ങിൻ തൈകൾ വിതരണം നടത്തിയിട്ടില്ല

രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ (94/19) എന്ന പദ്ധതിയുടെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് (തെങ്ങിൻ തൈവളർത്തൽ കേന്ദ്രം, ഇരിങ്ങാലക്കട, തൃശ്ശൂർ ) ഡിxടി തെങ്ങിൻ തൈകൾ 90 എണ്ണം വിതരണം നടത്തുന്നതിനായി 10000/- രൂപ ട്രഷറി ബിൽ നമ്പർ 10/18-19 /20.03.19 നൽകിയിട്ടുണ്ട്. പ്രഫോർമ ഇൻവോയിസ് നമ്പർ 11/18-19 പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. ജി.ഒ.(പി)177/06/ധനം തീ.12.04.2006 ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. തെങ്ങിൻ തൈകൾ ലഭ്യമാക്കിയതിനു ശേഷം ബിൽ ലഭ്യമാകുന്ന മുറയ്ക്കു തുക നൽകേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ തെങ്ങിൻ തൈകൾ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടില്ല. ഒറിജിനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. തെങ്ങിൻ തൈകൾ വിതരണം നടത്തുന്നതിൽ കാലതാമസം വരാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ്എൻക്വയറി (17/12.07.19) നൽകിയിരുന്നു. മറുപടിയിൽ പദ്ധതി കാലയളവിൽ ഫാമിൽ തൈകൾ ലഭ്യമായിരുന്നില്ല, ആയതിനാലാണ് പ്രഫോർമ ഇൻവോയ്സ് പ്രകാരം തുക നൽകിയത് എന്നും തെങ്ങിൻ തൈകളുടെ കള്ളിങ്ങ് (സെലക്ഷൻ ഇൻഡക്സ് പ്രകാരം തിരഞ്ഞെടുക്കൽ) പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് തൈകൾ വിതരണം നടത്തി ഒറിജിനൽ ബിൽ ഹാജരാക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒറിജിനൽ ബിൽ, വിതരണ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കുന്നതുവരെ തുക താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 സ്ട്രീറ്റ് ടാപ്പുകൾ-സംയുക്തപരിശോധന നടത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ കേരള ജലഅതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 321 സ്ട്രീറ്റ് ടാപ്പുകളുണ്ട്. വെള്ളക്കരം ഇനത്തിൽ പ്രതിമാസം 140438 രൂപ അടവാക്കി വരുന്നു. സ്ട്രീറ്റ് ടാപ്പുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ടാപ്പുകൾ പലതും പ്രവർത്തനരഹിതമാണെന്ന പരാതികൾ നിലവിലുള്ള സാഹചര്യത്തിൽ കേരള ജലഅതോറിറ്റിയുമായി സംയുക്തപരിശോധന നടത്തുവാൻ 29-4-2017 തിയതിയിലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തെങ്കിലും നാളിതുവരെയായി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (സാ) നം.1275/2009/തസ്വഭവ.തി.30.5.2009 പ്രകാരം ഉപയോഗിക്കുന്ന ജലത്തിന് മാത്രമെ പണം നൽകുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയതിനാൽ സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്തപരിശോധന നടത്തുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 അങ്കണവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതാണ്

പദ്ധതി മാർഗ്ഗരേഖ, സ.ഉ(കൈ)നം.11/2018/തസ്വഭവ, തിയതി 29.1.2018 ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതികസൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രൊജക്റ്റുകൾക്ക് പ്രാധാന്യം നൽകണമെന്നും പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണമെന്നും നിർദ്ദേശമുണ്ട്.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തിൽ ആകെ 19 അംഗൻവാടികളുള്ളതിൽ 10 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 6 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരെണ്ണം ഓപ്പൺസ്റ്റേജിലും ഒരെണ്ണം ഇറിഗേഷൻ മുറിയിലും ഒരെണ്ണം (നം.86) മഹിളാസമാജത്തിന്റെതെന്ന് പറയപ്പെടുന്ന കെട്ടിടത്തിലും പ്രവർത്തിക്കുന്നു. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവയിൽ 2 എണ്ണത്തിന് കെട്ടിടം പണി നടന്നുകൊണ്ടിരിക്കുന്നു. 86-ാം നമ്പർ അങ്കണവാടി കെട്ടിടം വളരെ ശോചനീയാവസ്ഥയിലാണെന്ന് സ്ഥലപരിശോധനയിൽ കണ്ടു. ഇത് മഹിളാസമാജത്തിന്റെ കെട്ടിടമാണെന്നാണ് പഞ്ചായത്ത് അധികൃതരിൽ നിന്നും അറിയാനായത്. എന്നാൽ കെട്ടിടവും സ്ഥലവും പഞ്ചായത്തിന് കൈമാറിയതിന്റെ രേഖകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല . പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇപ്പോഴത്തെ കെട്ടിടവും സ്ഥലവും പഞ്ചായത്തിന്റെ ആസ്തിയിൽ ചേർക്കാൻ നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം ടി അങ്കണവാടിക്ക് ഉചിതമായ മറ്റൊരു സ്ഥലം കണ്ടെത്തി ബാലസൗഹൃദ അങ്കണവാടി നിർമ്മിക്കാൻ പദ്ധതി ആരംഭിക്കേണ്ടതുമാണ്.

പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് എല്ലാ അങ്കണവാടികൾക്കും കെട്ടിടവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രൊജക്റ്റുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പ്രവൃത്തി മൂല്യത്തിൽ നിന്ന് ടെൻഡർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല

പ്രോജക്ടിന്റെ പേര്/നമ്പർ-കുട്ടംകുളം ഈസ്റ്റ് റോഡ് മെറ്റലിങ്ങ്,ടാറിങ്ങ്/134/19
നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ
അടങ്കൽ തുക-272000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-87000, മെയിന്റനൻസ് ഗ്രാന്റ് 185000)
കരാറുകാരൻ-ഗോഗിൻ.എം
അളവുപുസ്തകം-62/17-18

മേൽ പ്രവൃത്തിയുടെ ഫസ്റ്റ്&പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 252684 രൂപയാണ്. കരാറുകാരൻ 3.62% കുറവിനാണ് കരാറിൽ ഏർപ്പെട്ടത്. എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിന്റെ 3.62% തുക കുറവ് ചെയ്യാതെ റിക്കവറികൾ ഒഴികെ 236260 രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് ലഭിക്കാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ്-87000 രൂപയിൽ നിന്ന് 16424 രൂപയുടെ റിക്കവറികൾ കുറച്ച് ബാക്കി 70576 രൂപ മാത്രമാണ് ട്രഷറി ബിൽ നമ്പർ 74/18-19 പ്രകാരം കരാറുകാരന് അനുവദിച്ചത്. ബാലൻസ് തുക അനുവദിക്കുമ്പോൾ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് 3.62% തുക കുറവ് ചെയ്യേണ്ടതാണ്.

## 3-12 ഖാദി തൊഴിൽ സംരംഭകേന്ദ്രം നിഷ്ക്രിയാവസ്ഥയിൽ

നിർവ്വഹണോദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ
പ്രോജക്ട് നമ്പർ- 59/13
അടങ്കൽ തുക- 3915365

വനിതകൾക്ക് ഖാദി തൊഴിൽ കേന്ദ്രത്തിൽ തൊഴിൽ ചെയ്യുന്നതിനായി സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2014-15 വർഷം കെട്ടിടം നിർമ്മിക്കുന്നതിനായി 2100967 രൂപയും 2015-16 വർഷം നെയ്ത്ത് ഉപകരണങ്ങൾക്കായി 1200000 രൂപയും ചെലവഴിച്ചു. എന്നാൽ തൊഴിൽ കേന്ദ്രം പ്രവർത്തിക്കുന്നില്ല. ഉപകരണങ്ങൾ ഉപയോഗിക്കാത്ത അവസ്ഥയിലുമാണ്. തൊഴിൽ കേന്ദ്രവും ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 തൊഴിലുറപ്പ് പദ്ധതി- വാർഡ് 10 , പെരിഞ്ചേരി പ്രദേശത്ത് കോൺക്രീറ്റ് കട്ട നിർമ്മാണം

പദ്ധതി നം- 93/18-19/8.8.18

അടങ്കൽ-5,00,000

3/19 വരെ ചെലവ്- 183605/-

മേൽ പറഞ്ഞ തൊഴിലുറപ്പ് പദ്ധതിയിൽ കെട്ടിടം പണിക്ക് ഉപയോഗിക്കുന്ന കോൺക്രീറ്റ് കട്ട നിർമ്മിക്കുന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. കോൺക്രീറ്റ് കട്ട നിർമ്മാണത്തിനു വേണ്ട അസംസ്കൃത വസ്തുക്കൾക്കുള്ള ചെലവും തൊഴിൽ കൂലിയും തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നാണ് അനുവദിക്കുന്നത്. 2019-20ലും പ്രവൃത്തി തുടരുന്നു. ഇപ്രകാരം നിർമ്മിക്കുന്ന കട്ടകൾ പഞ്ചായത്തിലെ ഭവനനിർമ്മാണപദ്ധതികളുടെ ഗുണഭോക്താക്കൾക്കാണ് നൽകിവരുന്നത്. നിർമ്മിക്കുന്ന കോൺക്രീറ്റ് കട്ടകളുടെ എണ്ണവും അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന്റെ കൃത്യമായ കണക്കുകളും സ്റ്റോക്ക് രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ അർഹതാ മാനദണ്ഡം ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശുപാർശയോടെയാണെങ്കിൽ ആയതിന്റെ വിവരം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനങ്ങൾ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 37500 | ആശ്രയപദ്ധതി | 37500 | - |
| | | 112500 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾക്കുള്ള സ്കോളർഷിപ്പ് | 112490 | 10 |
| | | 200000 | പാലിന് സബ്സിഡി | 106043 | 93957 |

| | | | | | |
|---|---|---|---|---|---|
| | | 200000 | സമഗ്ര നെൽകൃഷി | 200000 | |
| | | 218534 | ലൈഫ് ഭവനപദ്ധതി | 218534 | |
| ജില്ലാപഞ്ചായത്ത് | മുന്നിരിപ്പ് | | | | 111679 |
| | | 252906 | ലൈഫ് മിഷൻ | 229035 | 23871 |
| | | 270000 | പൊതുകിണറുകളുടെ അറ്റകുറ്റപ്പണി | 211812 | 58188 |
| | | 200000 | സമ്പൂർണ്ണ വൈദ്യുതീകരണം | 200000 | - |
| | | 175000 | പെയിൻ ആന്റ് പാലിയേററീവ് കെയർ | 170000 | 5000 |
| | | 240000 | പാലിന് സബ്സിഡി | - | 240000 |
| | | 100000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾക്കുള്ള സ്കോളർഷിപ്പ് | 100000 | - |
| | | 180000 | സമഗ്ര നെൽകൃഷി | 180000 | - |
| | | 25000 | കുടുംബശ്രീ പച്ചക്കറി കൃഷി | 25000 | - |
| | | 200000 | അംഗനവാടി പോഷകാഹാരം | 175169 | 24831 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | SO33/19 സ്ട്രീറ്റ് മെയിൻ വലിച്ച് എൽ.ഇ.ഡി. സ്ഥാപിക്കൽ | ചെക്ക് നമ്പർ 8098656 തീയതി. 28/03/2019 | 200000 | 0 | 200000 |
| | So27/19 അവിണിശ്ശേരി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലേയും റോഡിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നമ്പർ 25/15.10.18-81279 38/28.11.18-39286 41/21.12.18-70013 49/7.1.19-7087 42/21.12.18-23990 | 221655 | 0 | 221655 |

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിവരം വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 970670/- രൂപ കെ.എസ്.ഇ.ബി.യ്ക്ക് നൽകിയിട്ടുണ്ട്. ഹാജരാക്കിയ തുകകളുടെ വിശദാംശങ്ങൾ മാത്രമാണ് മുകളിൽ

ചേർത്തിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | തുക | |
| ലൈഫ് വായ്പ (KURDFC) | KURDFC/ A2/289/2018 DT. 8.9.18 | 796831 | 796831 | - | - | 796831 |

## 4-5 സ്ഥിരനിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 250 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | - | |
| 3 | ആകെ | 250 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 250 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ഷെയർ - അവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | നിക്ഷേപത്തിന്റെ വിവരം | തുക 250 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ |
|---|---|---|---|---|
| 2015-16 | 2-3 | 700 | സിജി ബേസിൽ | 118050103008 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3 | 2016-17 | 2-3 | തൊഴിൽ നികുതി | തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58543947 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54581709 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2013724 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6,50,000 | ഗംഗാലക്ഷ്മി, സെക്രട്ടറി |
| 3-2 | (i) 3,40,000<br>(ii)2,00,000<br>(iii)1,01,090 | ഗംഗാലക്ഷ്മി,സെക്രട്ടറി |
| 3-3 | 77,934 | എം.കെ.സുരേഷ്, സെക്രട്ടറി – 27971<br>ഗംഗാലക്ഷ്മി, സെക്രട്ടറി – 49963 |
| 3-4(1) | 1,82,200 | ഡോ.പ്രിയാ ഭാസ്കർ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-4 (2) | 1,75,000 | ഡോ.ബിജു.കെ.ആർ., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-5 | 1,87,500 | ഡോ.മാത്യു.എം.എ,വെറ്ററിനറി സർജൻ |
| 3-6 | 1,00,000 | ഡോ.മാത്യു.എം.എ, വെറ്ററിനറി സർജൻ |
| | 20,13,724 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | എം.കെ.സുരേഷ്, സെക്രട്ടറി | വിരമിച്ചു | ഉഷ ഭവൻ, പയറ്റടി, പാച്ച.പി.ഒ., തിരുവനന്തപുരം |
| 2 | ഗംഗാലക്ഷ്മി.എസ്., സെക്രട്ടറി | സെക്രട്ടറി, വെൺമണി ഗ്രാമപഞ്ചായത്ത് | കൃഷ്ണകൃപ, പല്ലാനിമംഗലം, മാവേലിക്കര |
| 3 | പ്രിയാ ഭാസ്കർ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ(ഹോമിയോ), ചാഴൂർ | കോട്ടുവാലകലപ്പിൽ വീട്, കാറളം |
| 4 | ഡോ.ബിജു.കെ.ആർ., മെഡിക്കൽ ഓഫീസർ (PHC) | മെഡിക്കൽ ഓഫീസർ (PHC) കാറളം | |
| 5 | ഡോ.മാത്യു.എം.എ., വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, അവിണിശ്ശേരി | മഞ്ഞളി വീട്, മറ്റത്തൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.10-1926/82/07/ 7.6.83 |
| 79-80 | എൽ.എഫ്.ടി.10-1929/83/ 16.3.84 |
| 80-81 | എൽ.എഫ്.ടി.10-1623/84/ 6.11.85 |
| 81-82 | എൽ.എഫ്.ടി.10-427/86/ 27.8.87 |
| 82-83 | എൽ.എഫ്.ടി.10-1360/87/ 1.2.88 |
| 83-84 | എൽ.എഫ്.ടി.10-1541/88/ 4.3.89 |

| | |
|---|---|
| 85-86 | എൽ.എഫ്.ടി.7-722/90/ 16.10.90 |
| 86-87,<br>87-88 | എൽ.എഫ്.ടി.17-1050/91/ 16.8.91 |
| 88-89,<br>89-90 | എൽ.എഫ്.ടി.17-1550/92/ 15.1.93 |
| 90-91 | എൽ.എഫ്.ടി.8-1176/94/ 22.2.95 |
| 92-93,<br>93-94 | എൽ.എഫ്.ടി.8-194/95/ 16.12.95 |
| 94-95,<br>95-96 | എൽ.എഫ്.ടി.8-172/97/ 19.6.97 |
| 96-97 | എൽ.എഫ്.ടി.8-1478/98/ 15.7.98 |
| 97-98 | എൽ.എഫ്.ടി.8-1534/98/ 15.7.99 |
| 98-99 | എൽ.എഫ്.ടി.8-1711/2000/ 1.3.01 |
| 99-00 | എൽ.എഫ്.ടി.8-966/01/ 5.11.01 |
| 00-01 | എൽ.എഫ്.ടി.15-725/05/ 2.1.06 |
| 01-02 | എൽ.എഫ്.ടി.15-1130/05/ 18.2.06 |
| 02-03<br>03-04<br>04-05<br>05-06<br>06-07 | എൽ.എഫ്.ടി.പി.2-519/12/ 2.3.12 |
| 07-08<br>08-09 | എൽ.എഫ്.ടി.പി.9-922/21.1.11/ 5.1.12 |
| 09-10,<br>10-11 | എൽ.എഫ്.ടി.പി.2-1871/12-3.10.12 |
| 2011-12 | എൽ.എഫ്.ടി.പി260/2013/17.4.13 / 12.8.13 |
| 2012-13 | എൽ.എഫ്.ടി.പി.2-2168/13-7.5.14/ 16.7.14 |
| 2013-14 | എൽ.എഫ്.ടി.പി.2-284/2015-11.5.15/ 24.7.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി2)683/16–13.05.2016/ 15.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി2)1984/16– 14.11.2016/30.12.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി2 )1318/2017 തീയതി.19.09.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.പി.2-1675/18 dt.11.12.18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ടി.എസ്.ആർ(പി2 )1045/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി:30/08/2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19

വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| - | - | സംക്ഷിപ്തം (AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | - |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | - |
| 3 | ബാലൻസ് ഷീറ്റ് | - |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ